GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/10/2026

1. കേരള കാർഷിക സർവ്വകലാശാല പ്ലാന്റ് പ്രൊപഗേഷൻ ആൻഡ് നഴ്സറി മാനേജ്മെന്റ് യൂണിറ്റിന് കീഴിൽ കർഷകർ, സംരംഭകർ എന്നിവർക്കായി സസ്യപ്രവർദ്ധന രീതികൾ (പ്രൊപഗേഷൻ ടെക്നിക്സ് ഇൻ പ്ലാന്റ്-ബഡ്ഡിങ്, ഗ്രാഫ്റ്റിങ് ആൻഡ് ലെയറിംഗ്) എന്ന വിഷയത്തിൽ സെൻട്രൽ നഴ്സറി വെള്ളാനിക്കരയിൽ വെച്ച് നവംബർ 03, 04 എന്നീ തീയതികളിൽ ദിദ്വിന പ്രായോഗിക പരിശീലനം നടത്തുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ്

നൽകുന്നതാണ്. പരിശീലന ഫീസ് 1100 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0487- 2438622 എന്ന ഫോൺ നംമ്പറിൽ ബന്ധപ്പെടുക.

2. കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ വിപണനശാലയിൽ വിവിധയിനം നടീൽ വസ്തുക്കളും തൈകളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. സിന്ദൂർ, വിയറ്റ്നാം ഇനങ്ങളിൽപ്പെട്ട പ്ലാവിൻ തൈകൾ, ഹരിതം ഇനത്തിലുള്ള കുടംപുളി, ഒൻപത് മാസം പ്രായമായ ഹൈബ്രിഡ് തെങ്ങിൻ തൈകളായ കേരളശങ്കര, കേരളഗംഗ എന്നിവയാണ് വിൽപ്പനയ്ക്കുള്ളത്. തൈകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും വാങ്ങുന്നതിനുമായി **9447703321** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
3. ജില്ലയിലെ പഴം പച്ചക്കറി കർഷകർക്കായി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പമെന്റ ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി വഴി നടപ്പാക്കുന്ന പ്രോജക്ടുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂൺ ഉത്പ്പാദന കേന്ദ്രത്തിന് 30 ലക്ഷം രൂപയും , ഫാം ഗേറ്റ് പാക്ക് ഹൗസിന് 37.5 ലക്ഷം രൂപയും , പ്രീക്കുളിങ് യുണിറ്റിന് 1.75 ലക്ഷം രൂപയും, കോൾഡ് റൂമിനും (സ്റ്റേജിങ്), സോളാർ പവർ കോൾഡ് റൂമിനും 18.2 ലക്ഷം രൂപ വീതവുമാണ് സബ്സിഡി ലഭിക്കുന്നത്. റെഫ്രിജറേറ്റഡ് ട്രാൻസ്പോർട്ട് വെഹിക്കിളിന്

10.85 ലക്ഷം രൂപയും, പ്രൈമറി മിനിമൽ പ്രോസസിങ് യൂണിറ്റിന് 24.5 ലക്ഷം രൂപയും, 70 കിലോ കപ്പാസിറ്റിയുള്ള സോളാർ ക്രോപ് ഡ്രയറിന് 2 ലക്ഷം രൂപയും, 100 കിലോ കപ്പാസിറ്റിയുള്ള സോളാർ ക്രോപ് ഡ്രയറിന് 1.4 ലക്ഷം രൂപയും, റീട്ടെയിൽ മാർക്കറ്റ് ഔട്ട് ലെറ്റുകൾക്ക് 7 ലക്ഷം രൂപയും സബ്സിഡി ലഭിക്കുന്നതാണ്. താല്പര്യമുള്ളവർ കൂടപ്പനക്കുന്ന് അഗ്രിക്കൾച്ചർ ഓഫിസുമായി ബന്ധപ്പെടുക.

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പന്നി വളർത്തൽ** എന്ന വിഷയത്തിൽ **ഒക്ടോബർ 30,31** തീയതികളിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രം കണ്ണൂരിൽ വച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പറിൽ ബന്ധപ്പെടുക.

5. കാർഷിക മേഖലയിലെ ഒരുലക്ഷം യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന പ്രത്യേക തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി AIMS പോർട്ടലിലെ രജിസ്ട്രേഷൻ നടപടികൾ ഒക്ടോബർ 31-നകം പൂർത്തിയാക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ

കാലതാമസം നേരിടാൻ സാധ്യതയുള്ളതിനാൽ എല്ലാ അംഗങ്ങളും അടിയന്തരമായി രജിസ്ട്രേഷൻ ഉറപ്പാക്കണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. കൃഷിവകുപ്പിന്റെ ഔദ്യോഗിക പോർട്ടലായ AIMS-ൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത നിലവിലുള്ള പദ്ധതി അംഗങ്ങൾ എത്രയും വേഗം അതാത് കൃഷിഭവനുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങളും രേഖകളും നൽകി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

6. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്നിൽ 2027 വർഷത്തെ പാൽകാർഡിനായുള്ള നിർദ്ദിഷ്ട ഫോർമാറ്റിലുള്ള അപേക്ഷകൾ 02/11/2026 മുതൽ 16/11/2026 വരെ രാവിലെ 11.00 മണി മുതൽ 1.00 മണി വരെയും 2.00 മണി മുതൽ 4.00 മണി വരെയും (അവധി ദിവസങ്ങൾ ഒഴികെ) തീയതികളിൽ പൊതുജനങ്ങളിൽ നിന്നും ഫാം ഓഫീസിൽ സ്വീകരിക്കുന്ന വിവരം അറിയിക്കുന്നു. അപേക്ഷ പരിസരത്തുള്ള കോർപ്പറേഷൻ വാർഡായ കുടപ്പനക്കുന്ന്, പാതിരാപ്പള്ളി, ചെട്ടിവിളാകം, കിണവൂർ, അമ്പലമുക്ക് എന്നിവിടങ്ങളിലും കരകുളം ഗ്രാമ പഞ്ചായത്തു വാർഡുകളായ വഴയില, കല്ലയം, പ്ലാവുവിള, നെടുംപാറ, നെടുമൺ എന്നിവിടങ്ങലിൽ സ്ഥിരതാമസക്കാരായ റേഷൻ കാർഡുള്ള കുടുംബങ്ങളിൽ നിന്നും സ്വീകരിക്കുന്നു. ഒരു വ്യക്തിയിൽ നിന്നും ഒരു റേഷൻ കാർഡ് മുഖേന ഒരു അപേക്ഷ

മാത്രമേ സ്വീകരിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.